ഉത്തരം

(എ) ചാല ഗവണ്മെന്റ് ഹൈസ്കൂൾ, ചാല ഗവണ്മെന്റ് തമിഴ് സ്കൂൾ എന്നിവയുടെ 24 സെന്റ് സ്ഥലം 12.8.97 ലും കരമന ഗവണ്മെന്റ് ഹൈസ്കൂളിലെ 10.820 സെന്റ് സ്ഥലം 14.11.99 ലും കരമന-കിള്ളിപ്പാലം റോഡു വികസനത്തിനായി പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കുകയും ഇത് സംബന്ധിച്ച് മേൽനടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

(ബി)&(സി) മുകളിൽ ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

159 (1380) കാഞ്ഞിരപ്പള്ളിയിൽ പുതിയ സിവിൽ സ്റ്റേഷൻ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ പുതിയ സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇത് എപ്പോൾ തുടങ്ങും;

(സി) എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ സ്ട്രക്ചറൽ ഡിസൈൻ, പ്രൊഫ്മ്ഡ് സ്ട്രക്ചർ ആയി മാറ്റാൻ തീരുമാനിച്ചതനുസരിച്ച് ഡിസൈനും എസ്റ്റിമേറ്റും പുതുക്കി തയ്യാറാക്കേണ്ടി വന്നു. പുതുക്കിയ ഷെഡ്യൂൾ നിരക്കു പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ടെൻഡർ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏകദേശം 2000 ഫെബ്രുവരി-മാർച്ച് മാസത്തോടെ പണി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എഗ്രിമെന്റ് വച്ച് രണ്ടു വർഷമെങ്കിലും വേണ്ടിവരും പണി പൂർത്തിയാക്കുവാൻ.

160 (1381) കല്ലായി ഗവണ്മെന്റ് ഗണപത് ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കല്ലായി ഗവണ്മെന്റ് ഗണപത് ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് പണി പൂർത്തീകരിക്കാനാണ് പദ്ധതി;

(സി) കോഴിക്കോട് കൊതി പാലത്തിന്റെ പണി എപ്പോൾ പൂർത്തിയാകും;

(ഡി) കൊതി പാലത്തിനോടനുബന്ധിച്ചുള്ള തീരദേശ റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോഴിക്കോട്-സിവിൽ സ്റ്റേഷൻ-കോട്ടുള്ളി മാങ്കാവ് എം.എൽ.എ. റോഡ് പണി പൂർത്തിയാക്കാൻ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്ട്രക്ചർ വർക്ക് തീർന്നിട്ടുണ്ട്. മിനുക്കുപണികൾ തീരാനുണ്ട്.

(ബി) ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബാക്കി പണി പൂർത്തീകരിക്കുന്നതാണ്.

(സി) കൊതി പാലത്തിന്റെ പണി 2000 മാർച്ചിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടി നടന്നുകൊണ്ടിരിക്കുന്നു. സ്ഥലം വിട്ടുകിട്ടുന്നതനുസരിച്ചു മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) കൊതി പാലത്തിനോടനുബന്ധിച്ചുള്ള തീരദേശ റോഡിന്റെ ഭാഗമായ വെണ്ടാലി മുതൽ കടലുണ്ടി വരെയുള്ള ഭാഗത്തിന് 1350 ലക്ഷം രൂപയുടെയും വെണ്ടാലി മുതൽ അഴിയൂർ വരെയുള്ള ഭാഗത്തിന് 4250 ലക്ഷം രൂപയുടെയും റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പണി ഏറ്റെടുക്കാൻ നിർവ്വാഹമുള്ളൂ.

(ഇ) ഈ റോഡിന്റെ നീളം 7.453 കി.മീ. ആണ്. ഇതിൽ സ്ഥലം ലഭിച്ച കി.മീ. 2/275 മുതൽ 2/995 വരെയും 4/925 മുതൽ 7/453 വരെയും പണി പൂർത്തിയായി. ഈ പണിക്ക് 236 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഗവണ്മെന്റിന്റെ പരിഗണനയിലാണ്. ഭരണാനുമതി ലഭിച്ചതിനുശേഷം ബാക്കി പണി സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്ക് വിധേയമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

161 (1382) പ്രീ-ക്വാളിഫിക്കേഷൻ കരാറിലെ വിവേചനം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ 18.12.1998-ലെ ഒ.പി. നമ്പർ 464/98-ഇ, ഒ.പി. നമ്പർ 622/98-വൈ എന്നീ കേസുകളിലെ വിധിക്ക് ആധാരമായ വസ്തുതകൾ എന്തെല്ലാം; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസിൽ പൊതുമരാമത്ത് വകുപ്പ് പ്രീ-ക്വാളിഫിക്കേഷൻ കരാറിൽ ചില വിവേചനം നടത്തിയെന്ന ബഹുമാനപ്പെട്ട ജസ്റ്റീസ്. കെ. നാരായണക്കുറുപ്പിന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഏത് കരാറുകാരനുവേണ്ടിയിട്ടാണ് വിവേചനം നടത്തിയത്; എന്താണ് കാരണം; കോടതിവിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാര്യത്തിൽ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഏതു പാലത്തിന്റെ വർക്കിലാണ് പ്രസ്തുത പരാമർശം ഹൈക്കോടതി നടത്തിയത്; പ്രസ്തുത പാലത്തിന്റെ ഇപ്പോഴത്തെ കരാറുകാ

LIBRARY ARCHIVES Kerala Legislative Assembly